# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5728 28/03/2018-ന് മറുപടിക്ക്

## പറമ്പിക്കുളം -ആളിയാർ നദീജല കരാർ പുതുക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പറമ്പിക്കുളം - ആളിയാർ നദീജല കരാർ പ്രകാരം 2018 ഫെബ്രുവരി ഒന്നിന് കേരള ഷോളയാർ നിറയ്ക്കുന്നതിന് ആവശ്യമായ വെള്ളം തമിഴ്നാട് സർക്കാർ വിട്ടുനൽകിയോ ; | എ) | ഇല്ല. |
| ബി)കേരളത്തിന് അർഹതപ്പെട്ട വെള്ളത്തിന്റെ 20% വെള്ളം കുറവാണ് തമിഴ്നാട് വിട്ടു നൽകിയത് എന്നതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട മുഴുവൻ വെള്ളവും നേടിയെടുക്കുന്നതിന് ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ ;<br><br>സി)കരാർ കാലാനുസൃതമായി പുതുക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | ബി) & സി) | ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചു വരുന്നു. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 8 ന് തികഞ്ഞിരുന്നു. തുടർന്ന് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2013 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ 19.01.2018 ന് ഇരു |

സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിൽ തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ പി.എ.പി. കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രാഥമികമായി ചർച്ച ചെയ്തിട്ടുണ്ട്. ഇരു സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥർ തമ്മിൽ തുടർ ചർച്ചകൾ നടത്തുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരികയാണ്.

**സെക്ഷൻ ഓഫീസർ**